പ്രസിദ്ധീകരണത്തിന്

കമ്പനീസ് ആക്ട് 2013-ലെ വിവിധ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ആരോപിച്ച് നായർ സർവീസ് സൊസൈറ്റിക്കും അതിന്റെ ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും എതിരായി എറണാകുളം അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതി മുമ്പാകെ നല്കിയ സ്വകാര്യ അന്യായത്തിന്റെ തുടർനടപടികൾ ഇന്ന് ബഹു. കേരളാ ഹൈക്കോടതി സ്റ്റേ ചെയ്തു.

നായർ സർവീസ് സൊസൈറ്റി നോൺ-ട്രേഡിംഗ് കമ്പനീസ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെട്ടതാണെന്നും, അതിനാൽ കമ്പനീസ് ആക്ട് 2013 ബാധകമല്ല എന്നുമുള്ള വാദം പരിഗണിച്ചാണ് ജില്ലാകോടതി യിലുള്ള തുടർനടപടികൾ ബഹു. ഹൈക്കോടതി നിർത്തിവച്ചത്.

നോൺ ട്രേഡിംഗ് കമ്പനീസ് രജിസ്ട്രാർ മുമ്പാകെ എൻ.എസ്.എസ്. ഫയൽ ചെയ്ത റിട്ടേണുകളിൽ കമ്പനീസ് ആക്ട് 2013 പ്രകാരം വളരെയധികം ന്യൂനതകളുണ്ടെന്നും ആയതിനാൽ ഡയറക്ടർ ബോർഡ് അംഗങ്ങൾക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുക എന്നുംമറ്റും ആയിരുന്നു സ്വകാര്യ അന്യായത്തിലെ പ്രധാന ആവശ്യങ്ങൾ.

നായർ സർവീസ് സൊസൈറ്റിക്കും അതിന്റെ ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും എതിരായി നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ കൊച്ചി ബഞ്ചിനു മുമ്പാകെ ചില തല്പരകക്ഷികൾ നല്കിയ കമ്പനി പെറ്റീഷൻ ബഹു. കേരളാഹൈക്കോടതി നേരത്തെതന്നെ സ്റ്റേ ചെയ്തിരുന്നു.

പെരുന്ന
12.04.2023

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി